നം:ജി4/5155 /2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം., തീയതി :04.02 .2020

**സർക്കുലർ**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് – കൊറോണ വൈറസ് – പ്രതിരോധ നടപടിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി നൽകിയ നിർദ്ദേശം നടപ്പാക്കുന്നത് – സംബന്ധിച്ച്.

* * *

03.02.2020-ൽ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി വിളിച്ചു ചേർത്ത യോഗ തീരുമാന പ്രകാരം കൊറോണ വൈറസ് പ്രതിരോധ നടപടികളുടെ ഭാഗമായി ~~വകുപ്പിൽ~~ താഴെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ചെയ്യുവാൻ നിർദ്ദേശിച്ചിരിക്കുന്നു

1. എല്ലാ ഗവണ്മെന്റ് / എയ്ഡഡ്/സ്വാശ്രയ കോളേജുകളിലും കൊറോണ വൈറസുമായി ബന്ധപ്പെട്ട് കോളേജിലെ വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ പരിപാടി ഫെബ്രുവരി രണ്ടാമത്തെ ആഴ്ചയിൽ നടത്തേണ്ടതാണ്. ഇതിനായി അടുത്തുള്ള ഹെൽത്ത് ഓഫീസർമാരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.
2. കൊറോണ വൈറസുമായി ബന്ധപ്പെട്ട് നിരീക്ഷണത്തിലുള്ള (Quarantine) കോളേജ് വിദ്യാർത്ഥികൾക്ക് നിരീക്ഷണകാലയളവിൽ പ്രത്യേക അവധി അനുവദിക്കേണ്ടതാണ്.
3. കോളേജുകളിൽ വിദ്യാർത്ഥികളുടെ ടൂർ പ്രോഗ്രാം നിലവിലെ സാഹചര്യം പരിഗണിച്ച് ഒഴിവാക്കേണ്ടതാണ്.
4. കോളേജിലെ പകർച്ചവ്യാധി ലക്ഷണങ്ങളുമായി ചികിത്സയിൽ ഉള്ള വിദ്യാർത്ഥികൾ / ജീവനക്കാരെ അവധിയിൽ പ്രവേശിപ്പിച്ച് വീട്ടിൽ കഴിയുന്നതിന് നിർദ്ദേശിക്കേണ്ടതാണ്.
5. കൊറോണ വൈറസുമായി ബന്ധപ്പെട്ട് നിരീക്ഷണത്തിലുള്ള വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ പ്രസ്തുത വിവരം വകുപ്പിൽ അറിയിക്കേണ്ടതും ഇവർ ആരോഗ്യ വകുപ്പിന്റെ നിരീക്ഷണത്തിലാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

എല്ലാ സർക്കാർ / എയ്ഡഡ് / സ്വാശ്രയ കോളേജ് പ്രിൻസിപ്പാൾമാർക്കും